# തിരൂർ നഗരസഭ

പി.ഡബ്ല്യു2-14490/15

മുനിസിപ്പൽ ഓഫീസ്, തിരൂർ,
തിയ്യതി: 08.07.2015

## ലേലം/ക്വട്ടേഷൻ നോട്ടീസ്

തിരൂർ നഗരസഭ ഓഫീസ് കെട്ടിടത്തിലും പുറത്തുമുള്ള ഉപയോഗ ശൂന്യമായ കസേരകൾ, റാക്കുകൾ, മറ്റു ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ നഗരസഭാ ഓഫീസിൽ വച്ച് 16.07.2015 ന് രാവിലെ 11 മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതായിരിക്കും ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 1500/- രൂപയുടെ നിരതദ്രവ്യം സെക്രട്ടറിയുടെ പേരിൽ ഡി.ഡി യായോ, പണമായോ അടവാക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 11. മണിക്ക് മുമ്പായി മുദ്രവച്ച കവറിൽ നിരതദ്രവ്യവും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പും സഹിതം സമർപ്പിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ ലേലത്തിനുശേഷം ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഉയർന്ന നിരക്കിലുള്ള ലേലം/ക്വട്ടേഷൻ താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ബന്ധപ്പെട്ട ഉപകരണങ്ങൾ നീക്കം ചെയ്ത് സെക്രട്ടറിയെ. രേഖാമൂലം അറിയിക്കേണ്ടതും ആയത് ബോധ്യപ്പെട്ടതിനുശേഷം നിരതദ്രവ്യം റിലീസ് ചെയ്യുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അന്വേഷിച്ചറിയാവുന്നതാണ്.

സെക്രട്ടറി.